**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ ആല ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. അഫ്സൽ. എം.എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1354/2017 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.3078/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 18.09.2017**

---

പരാമർശം:- 1. സ.ഉ (പി) നം 03/17/ഉഭപവ തീയതി 25.02.2017.

2. ശ്രീ. അഫ്സൽ. എം.എ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1354/17 നമ്പർ കേസ്സിന്മേലുള്ള 18.07.2017-ലെ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 25.08.2017-ലെ ഇ 13-27630/17 നം. കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 03.01.2017 ലെ ഇ 13-13/17 നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ അഫ്സൽ. എം.എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1354/17 നമ്പർ അപേക്ഷയിന്മേൽ ബഹു ട്രിബ്യൂണൽ അനക്സർ എ10 നിവേദനം പരിശോധിച്ച് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി ജോലി നോക്കിവരവേ 2017 ൽ പൊതുസ്ഥലംമാറ്റത്തിന് ആലപ്പുഴ ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട 3 സ്റ്റേഷനുകളിൽ ഒന്നിലേയ്ക്കും സ്ഥലംമാറ്റം നൽകിയില്ലായെന്നും ആയതിനാൽ തലവടി / രാമൻകരി / തണ്ണീർമുക്കം / കൈനകരി എന്നിവയിൽ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നതായിരുന്നു ടിയാന്റെ അനക്ഷർ എ10 നിവേദനത്തിലെ ആവശ്യം. ശ്രീ. അഫ്സൽ. എം.എ ആവശ്യപ്പെട്ട സ്ഥലങ്ങളിൽ ഒഴിവില്ലാതിരുന്നതിനാലാണ് ആലപ്പുഴ ജില്ലയിലെ ലഭ്യമായ ഒഴിവിൽ നിയമനം നൽകിയത് എന്നും ടിയാളുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയും അർഹതയും ഇപ്പോഴും നിലനിൽക്കുന്നതിനാൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ടിയാൻ ആവശ്യപ്പെട്ട പഞ്ചായത്തുകളിൽ നിയമനം നൽകുമെന്നും പരാമർശം (3) പ്രകാരംപഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ആലപ്പുഴ ജില്ലയിലെ ആല ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. അഫ്സൽ. എം.എ യുടെ പരാമർശം (1) ഉത്തരവിലെ മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ/മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ടിയാൻ ആവശ്യപ്പെട്ട പഞ്ചായത്തുകളിലോ, സമീപ പഞ്ചായത്തുകളിലോ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുന്നു.

4. ഇപ്രകാരം പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.07.2017-ലെ OA(EKM) 1354/17 നമ്പർ കേസ്സിന്മേലുള്ള ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. അഫ്സൽ. എം.എ, അക്കൗണ്ടന്റ്, ആല ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ആല ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-228/ഇപിഎ 1/2017/തസ്വഭവ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ